**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 146** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. വി. കെ. സനോജ്

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി. പി. സുമോദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. പി. ജോൺ

(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയ സേഫ് കേരള പദ്ധതിയുടെ പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിലെ റോഡുകളിലെ അപകടങ്ങളും മരണങ്ങളും കുറയ്ക്കുക, സുരക്ഷിതമായ ഗതാഗത സംസ്കാരം വളർത്തിയെടുക്കുക എന്നീ ലക്ഷ്യത്തോടെ മോട്ടോർ വാഹന വകുപ്പും, കേരള റോഡ് സുരക്ഷാ അതോറിറ്റിയും ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണ് 'സേഫ് കേരള'. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ റോഡ് നിയമലംഘനങ്ങൾ കണ്ടെത്തുകയും, കൃത്യമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം അത്യാധുനിക സൗകര്യങ്ങളോട് കൂടിയ കൺട്രോൾ റൂമുകളും, എഐ (Artificial Intelligence) ക്യാമറകളും, മുഴുവൻ സമയവും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും സജ്ജമാക്കിയിട്ടുണ്ട്. സുതാര്യവും കാര്യക്ഷമവുമായ ഒരു ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം കെട്ടിപ്പടുക്കാൻ ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്.

സേഫ് കേരള പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ഒരു വർഷക്കാലയളവിൽ വിവിധ ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തി, 43,75,137/- ഓളം ഇ-ചെല്ലാനുകൾ തയ്യാറാക്കി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സേഫ് കേരള പദ്ധതിയും, എഐ ക്യാമറകളും പ്രവർത്തന സജ്ജമായതിനു ശേഷം കേരളത്തിലെ റോഡ് സുരക്ഷാ രംഗത്ത് ചുവടെ ചേർക്കുന്ന നിരവധി മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്.

- ഇരുചക്ര വാഹന യാത്രികർ ഹെൽമെറ്റ് ധരിക്കുന്നതിലും, കാറുകളിലെ മുൻസീറ്റുകളിലെയും, പിൻസീറ്റുകളിലെയും യാത്രക്കാർ സീറ്റ് ബെൽറ്റ് ധരിക്കുന്നതിലും വലിയ വർദ്ധനവുണ്ടായി.
- ഡ്രൈവിംഗിനിടയിലെ മൊബൈൽ ഫോൺ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു.
- ജംഗ്ഷനുകളിലും പ്രധാന പാതകളിലും സ്ഥാപിച്ച ക്യാമറകൾ കാരണം അശ്രദ്ധമായ ഡ്രൈവിങ്ങും സിഗ്നൽ തെറ്റിക്കുന്ന പ്രവണതയും കുറഞ്ഞു.
- റോഡിലെ അച്ചടക്കം വർദ്ധിച്ചതോടെ അപകടങ്ങളെ തുടർന്നുള്ള മരണങ്ങളുടെയും ഗുരുതരമായ പരിക്കുകളുടെയും നിരക്ക് കുറയ്ക്കാൻ സാധിച്ചു.
- നിയമലംഘനങ്ങൾ കണ്ടെത്തി കഴിഞ്ഞാൽ തർക്കങ്ങൾക്ക് ഇടയില്ലാത്ത വിധം ചിത്രങ്ങൾ സഹിതം വാഹന ഉടമയ്ക്ക് നേരിട്ട് ഫോണിലേക്ക് മെസ്സേജ് (e-challan) എത്തുന്ന സംവിധാനം നിലവിൽ വന്നു. ഇത് ഉദ്യോഗസ്ഥരും പൊതുജനങ്ങളും തമ്മിലുള്ള അനാവശ്യ തർക്കങ്ങൾ ഇല്ലാതാക്കി.
- സംസ്ഥാന-ജില്ലാ തലങ്ങളിലുള്ള കൺട്രോൾ റൂമുകൾ വഴി റോഡുകളിലെ സ്ഥിതിഗതികൾ മുഴുവൻ സമയവും നിരീക്ഷിക്കപ്പെടുന്നു.
- ആരും കാണാനില്ലെങ്കിലും ക്യാമറ കാണുന്നുണ്ട്" എന്ന ചിന്ത ഡ്രൈവർമാരിൽ കൂടുതൽ ഉത്തരവാദിത്തബോധം ഉണ്ടാക്കി. പിഴ പേടി എന്നതിലുപരി സ്വന്തം സുരക്ഷയെക്കുറിച്ചുള്ള ഒരു പുതിയ ട്രാഫിക് സംസ്കാരം സമൂഹത്തിൽ വളർന്നു വരാൻ ഈ പദ്ധതി കാരണമായി.

**(ബി)** റോഡുകളിൽ നിർമ്മിത ബുദ്ധി (എ.ഐ.) ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹനാപകടങ്ങളുടെയും മരണങ്ങളുടെയും എണ്ണത്തിൽ എത്രത്തോളം കുറവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ റോഡുകളിൽ നിർമ്മിത ബുദ്ധി (AI) ക്യാമറകൾ പ്രവർത്തനസജ്ജമായതിനു ശേഷം വാഹനാപകടകളിൽ കുറവ് വന്നിട്ടില്ലെങ്കിലും, അതുവഴിയുണ്ടാകുന്ന മരണങ്ങളിൽ കാര്യമായ കുറവുണ്ടായിട്ടുണ്ട്.

എഐ ക്യാമറകൾ പ്രവർത്തന സജ്ജമായതിനു മുൻപും, ശേഷവും ഉള്ള അപകട മരണങ്ങളുടെയും, പരിക്കേറ്റവരുടെയും വിവരം ചുവടെ പറയുന്ന പ്രകാരമാണ്.

**<u>AI ക്യാമറകൾപ്രവർത്തന സജ്ജമാക്കുന്നതിന് മുൻപ്</u>**

| വർഷം | വാഹന അപകടങ്ങളുടെ എണ്ണം | മരണപ്പെട്ടവരുടെ എണ്ണം | പരിക്കേറ്റവരുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2020 | 27877 | 2979 | 30510 | Covid Period |
| 2021 | 33296 | 3429 | 40204 | Post Covid |
| 2022 | 43910 | 4317 | 49307 | |

**<u>AI ക്യാമറകൾപ്രവർത്തന സജ്ജമാക്കിയതിന് ശേഷം</u>**

| **വർഷം** | **വാഹന അപകടങ്ങളുടെ എണ്ണം** | **മരണപ്പെട്ടവരുടെ എണ്ണം** | **പരിക്കേറ്റവരുടെ എണ്ണം** |
|---|---|---|---|
| 2023 | 48068 | 4084 | 54286 |
| 2024 | 48834 | 3880 | 54796 |
| 2025 | 49889 | 3733 | 56922 |
| 2026 (ഏപ്രിൽ വരെ) | 18598 | 1384 | 21255 |
| റോഡുകളിലെ വാഹനങ്ങളുടെ എണ്ണം പ്രതിവർഷം ഏകദേശം 6% വർദ്ധിച്ചു. | | | |

**(സി)** ശാസ്ത്രീയമായ വാഹന പരിശോധനകൾക്കായി മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് ലഭ്യമാക്കിയ ആധുനിക സൗകര്യങ്ങളും ഇന്റർസെപ്റ്റർ വാഹനങ്ങളുടെ വിവരങ്ങളും വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിലെ റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനുമായി സേഫ് കേരള (Safe Kerala) പദ്ധതിയുടെ ഭാഗമായി 17 ഇന്റർസെപ്റ്റർ (Interceptor) വാഹനങ്ങൾ 2020 മുതൽ സംസ്ഥാനത്ത് സജീവമായി പ്രവർത്തിച്ചുവരുന്നു. വാഹനങ്ങളുടെ അമിതവേഗത, മദ്യപിച്ചുള്ള ഡ്രൈവിംഗ്, ശബ്ദ-വെളിച്ച മലിനീകരണങ്ങൾ എന്നിവയടക്കമുള്ള നിയമലംഘനങ്ങൾ കൃത്യമായി കണ്ടെത്തുന്നതിനായി അത്യാധുനിക സാങ്കേതിക സംവിധാനങ്ങളും ഉപകരണങ്ങളുമാണ് ഈ വാഹനങ്ങളിൽ സജ്ജീകരിച്ചിരിക്കുന്നത്.

ഇന്റർസെപ്റ്റർ വാഹനങ്ങളിൽ വാഹനങ്ങളുടെ അമിതവേഗത കൃത്യമായി കണ്ടെത്തുന്നതിനുള്ള സ്പീഡ് റഡാർ (Speed Radar), മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ പരിശോധിക്കുന്നതിനുള്ള ആൽക്കോമീറ്റർ (Alcometer), അമിത ശബ്ദം പുറപ്പെടുവിക്കുന്ന സൈലൻസറുകളും ഹോണുകളും കണ്ടെത്തുന്നതിനുള്ള സൗണ്ട് ലെവൽ മീറ്റർ/ഡെസിബെൽ മീറ്റർ (Sound Level Meter), വാഹനങ്ങളുടെ ഗ്ലാസുകളിലെ സുതാര്യത (കൂളിംഗ് ഫിലിം/അപാരത) അളക്കുന്നതിനുള്ള ടിന്റ് മീറ്റർ (Tint Meter), ഹെഡ്‌ലൈറ്റുകളുടെ പ്രകാശതീവ്രത നിശ്ചിത പരിധിയിൽ കൂടുതലാണോ എന്ന് പരിശോധിക്കുന്നതിനുള്ള ലക്സ് മീറ്റർ (Lux Meter), പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള പി.എ. സിസ്റ്റം (PA System), തീപിടിത്തം ഉണ്ടായാൽ ഉപയോഗിക്കുന്നതിനുള്ള ഫയർ എക്സ്റ്റിംഗ്വിഷർ (Fire Extinguisher) എന്നിവ ഉൾപ്പെടെയുള്ള ആധുനിക ഉപകരണങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.

സംസ്ഥാനത്തുടനീളം നിലവിൽ 722 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതാണ്. ഇതിന് പുറമെ ഓവർ സ്പീഡ് കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനായി നാല് അത്യാധുനിക മൊബൈൽ സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ സിസ്റ്റംസ് (Interceptor Vehicles) ഈ പദ്ധതിയിലൂടെ വിന്യസിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ വഴി വാഹന പരിശോധനകൾ കൂടുതൽ കൃത്യവും സുതാര്യവും ശാസ്ത്രീയവുമാക്കിയിട്ടുണ്ട്. ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാത്തത്, മൊബൈൽ ഫോൺ ഉപയോഗിച്ച് വാഹനമോടിക്കൽ, ട്രിപ്പിൾ റൈഡിംഗ് തുടങ്ങിയ ഗതാഗത നിയമലംഘനങ്ങൾ സ്വയമേവ കണ്ടെത്താൻ ഈ സംവിധാനത്തിന് കഴിയും. കൂടാതെ, വാഹന നമ്പർ പ്ലേറ്റുകൾ തിരിച്ചറിയുക, (ANPR) ക്യാമറകളിൽ നിന്നുള്ള വിവരങ്ങൾ തത്സമയം നിരീക്ഷിക്കുക, നിയമലംഘനങ്ങളുടെ വിവരങ്ങൾ വിശകലനം ചെയ്യുക, വാഹന ഉടമകൾക്ക് പിഴ നോട്ടീസ് നൽകുക എന്നിവയും ഇതിലൂടെ സാധ്യമാകുന്നു. വാഹൻ (VAHAN), സാരഥി (SARATHI) ഡാറ്റാബേസുകളുമായി സംയോജിപ്പിച്ചുള്ള വാഹന-രേഖ പരിശോധന, ഹാൻഡ് ഹെൽഡ് ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധന, തൽക്ഷണ പിഴ ഈടാക്കൽ, നിയമലംഘനങ്ങളുടെ ഫോട്ടോ-വീഡിയോ തെളിവുകൾ ശേഖരിക്കൽ, കോടതിവിധികൾക്കും മറ്റ് നിയമനടപടികൾക്കും ഉപയോഗിക്കാവുന്ന ഡിജിറ്റൽ രേഖകൾ തയ്യാറാക്കൽ എന്നിവയും ഈ സംവിധാനത്തിന്റെ പ്രധാന സവിശേഷതകളാണ്.

ഇന്റർസെപ്റ്റർ വാഹനങ്ങളുടെ പ്രധാന സവിശേഷത റഡാർ അധിഷ്ഠിത സ്പീഡ് ഡിറ്റക്ഷൻ സംവിധാനം ആണ്. റഡാർ അധിഷ്ഠിത സ്പീഡ് ഡിറ്റക്ഷൻ സംവിധാനത്തിലൂടെ ദൂരെയുള്ള വാഹനങ്ങളുടെ വേഗത കൃത്യമായി അളക്കാനും, അമിതവേഗത്തിൽ സഞ്ചരിക്കുന്ന വാഹനങ്ങളെ തത്സമയം കണ്ടെത്താനും സാധിക്കുന്നു. കൂടാതെ, ഈ സംവിധാനം പകൽ-രാത്രി വ്യത്യാസമില്ലാതെ എല്ലാ സമയത്തും കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

**(ഡി)** സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ട്രാഫിക് നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ റോഡ് സുരക്ഷയും ട്രാഫിക് നിയമങ്ങളും സംബന്ധിച്ച അവബോധം വർധിപ്പിക്കുന്നതിനായി മുൻ സർക്കാർ മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കേരള റോഡ് സേഫ്റ്റി അതോറിറ്റി എന്നിവയുടെ സംയുക്ത സഹകരണത്തോടെ ചുവടെ കാണുന്ന പരിപാടികൾ സംസ്ഥാനതലത്തിൽ നടപ്പിലാക്കിയിരുന്നു.

- വിദ്യാർത്ഥികൾക്ക് ട്രാഫിക് നിയമങ്ങൾ, റോഡ് സൈനുകളുടെ പ്രാധാന്യം, ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവയുടെ നിർബന്ധിത ഉപയോഗം, അമിതവേഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നിവയുടെ അപകടസാധ്യതകൾ എന്നിവയെക്കുറിച്ച് ബോധവൽക്കരണ പരിശീലനം നൽകി.

- Student Police Cadet (SPC) പദ്ധതിയുടെ സഹകരണത്തോടെ റോഡ് സുരക്ഷാ ക്ലാസുകളും ക്യാമ്പുകളും സംഘടിപ്പിച്ച് നിയമാനുസൃതമായ ഗതാഗത സംസ്കാരം വിദ്യാർത്ഥികളിൽ വളർത്താൻ ശ്രമിച്ചു.
- സംസ്ഥാനത്തുടനീളം Road Safety Week ആചരിച്ച് സ്കൂളുകളിലും കോളേജുകളിലും റാലികൾ, സെമിനാറുകൾ, എന്നിവ നടത്തി. ഇതിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ട്രാഫിക് നിയമങ്ങളുടെ പ്രാധാന്യം കൂടുതൽ വ്യക്തമായി ബോധ്യപ്പെടുത്തുകയും ചെയ്തു.
- Motor Vehicles Department Kerala നടപ്പിലാക്കിയ SAFE Kerala പദ്ധതിയുടെ ഭാഗമായി AI ക്യാമറകൾ, നിയമലംഘനങ്ങളുടെ നിരീക്ഷണം, നിയമലംഘനങ്ങൾക്ക് ലഭിക്കുന്ന ശിക്ഷകൾ തുടങ്ങിയവയെക്കുറിച്ച് വിദ്യാർത്ഥികൾക്കായി പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.
- ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, സോഷ്യൽ മീഡിയ, ഹ്രസ്വചിത്രങ്ങൾ, ബോധവൽക്കരണ വീഡിയോകൾ എന്നിവ ഉപയോഗിച്ചും യുവാക്കളെ ലക്ഷ്യമിട്ട് റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചു.
- ലൈസൻസ് നേടാൻ പോകുന്ന പ്രായപൂർത്തിയായ വിദ്യാർത്ഥികൾക്കായി പ്രീ-ലൈസൻസിംഗ് പരിശീലനങ്ങളും നൽകി.
- കുട്ടികളിൽ റോഡ് സുരക്ഷാ അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി സംസ്ഥാനത്തെ അപ്പർ പ്രൈമറി മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള തിരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി റോഡ് സുരക്ഷാ പരിശീലന-ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഓരോ സ്കൂളിനും ₹50,000/- (അൻപതിനായിരം രൂപ മാത്രം) വീതം അനുവദിച്ചിട്ടുണ്ട്.
- സ്കൂൾ കാമ്പസിനകത്തും പുറത്തും വിദ്യാർത്ഥികൾ നേരിടുന്ന റോഡ് സുരക്ഷാ വെല്ലുവിളികൾ തിരിച്ചറിയുന്നതിനും, റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിനും, അപകടസാധ്യതയും അപകടങ്ങളുടെ തീവ്രതയും കുറയ്ക്കുന്നതിനുള്ള പരിഹാര നടപടികൾ നടപ്പിലാക്കുന്നതിനുമായി നാറ്റ്പാക്കിന്റെ സഹകരണത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കിയ **'സേഫ് റോഡ് ടു സ്കൂൾ' (Safe Road to School) എന്ന പദ്ധതി നടപ്പിലാക്കി**
- എഫ്.എം. റേഡിയോ ജിംഗിളുകൾ, റെയിൽവേ സ്റ്റേഷനുകളിലെ ജിംഗിളുകൾ, കെ.എസ്.ആർ.ടി.സി. ബസുകളിലെ പരസ്യങ്ങളും കാർഡ് പരസ്യങ്ങളും, വിവിധ പ്രാദേശിക മാധ്യമങ്ങൾ, മാസികകൾ, ഫിലിം ഫെസ്റ്റിവലുകൾ എന്നിവയിലൂടെ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.
- മോട്ടോർ വാഹന വകുപ്പിനായി വികസിപ്പിച്ച ലീഡ്സ് എന്ന മൊബൈൽ ആപ്ലിക്കേഷൻ പുതു തലമുറയിലെ റോഡ് ഉപയോക്താക്കളിൽ റോഡ് സുരക്ഷാ അവബോധം വളർത്തുന്നതിനുള്ള നൂതന പദ്ധതിയാണ്.
- മോട്ടോർ വാഹന വകുപ്പ് (MVD), പോലീസ്, നാറ്റ്പാക്ക് (NATPAC) തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും, അധ്യാപകർക്കായുള്ള കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയും, വിവിധ റോഡ് സുരക്ഷാ ബോധവൽക്കരണ കാമ്പയിനുകൾ കേരള റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**